പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 224 5-03-2012 - ൽ മറുപടിയ്ക്ക്

**അഴീക്കോട് മുനമ്പത്ത് മണൽത്തിട്ട നീക്കം ചെയ്യുന്നതിനുള്ള നടപടി**

ചോദ്യം ഉത്തരം

| | ശ്രീ. വി. എസ്. സുനിൽ കുമാർ | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | കയ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോട് മുനമ്പത്ത് മണൽത്തിട്ടയിൽത്തട്ടി വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളികൾ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി)<br><br><br><br><br>(സി) | മണൽത്തിട്ട നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ ഇതുവരെയായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;<br><br>മഴക്കാലം തുടങ്ങുന്നതിനുമുമ്പ് മണൽത്തിട്ട നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) & (സി) | മുനമ്പം അഴീക്കോട് അഴീമുഖത്ത് മണൽ അടിഞ്ഞുകൂടുന്നതിന് പരിഹാരം കാണുന്നതിനായി ഡ്രെഡ്ജിംഗ് പ്രൊപ്പോസൽ കേന്ദ്ര വകുപ്പ് സർക്കാരിന്റെ ഭരണാനുമതിയ്ക്കും ഫണ്ടിനുമായി സമർപ്പിച്ചിട്ടുണ്ട്. കേരളത്തിൽ മുനമ്പം ഹാർബറിനു വേണ്ടി മാത്രം ഒരു ഫിഷറി ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ഇവിടെ നിന്നുള്ള വരുമാനം പ്രസ്തുത സൊസൈറ്റി പിരിച്ചെടുത്ത് ഹാർബറിനു വേണ്ടി വരുന്ന എല്ലാ മെയിന്റനൻസ്, നടത്തിപ്പു ചെലവുകളും സർക്കാർ സഹായം കൂടാതെ സൊസൈറ്റി തന്നെ നടത്തണമെന്നുമാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ സൊസൈറ്റിയിൽ വേണ്ടത്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് ഈ പ്രവൃത്തിക്ക് കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചത്. കേന്ദ്ര സഹായത്തോടെ പൂർത്തീകരിച്ച മുനമ്പം മത്സ്യബന്ധന തുറമുഖം ഉൾപ്പെടെ വിവിധ തുറമുഖങ്ങളിലെ ഡ്രെഡ്ജിംഗ് നടത്തുന്നതിനുവേണ്ടി 1054 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഫണ്ട് ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മുനമ്പം ഹാർബറിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. കെ.വി.തോമസ് നിർദ്ദേശിച്ചതനുസരിച്ച് |

| | | | |
|---|---|---|---|
| | | | 114 ലക്ഷം രൂപയുടെ ഒരു പ്രത്യേക ഡ്രെഡ്ജിംഗ് പ്രൊപ്പോസൽ RKVY (Rashtriya Krishi Vikas Yojana) സ്കീമിൽ ഉൾപ്പെടുത്തിക്കിട്ടുന്നതിനും സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. ഭരണാനുമതിയും ഫണ്ടും കിട്ടുന്ന മുറയ്ക്ക് ഡ്രെഡ്ജിംഗ് പ്രവൃത്തി നടപ്പിലാക്കാൻ കഴിയും |

സെക്ഷൻ ഓഫീസർ